# അക്കാദമിക മാസ്റ്റർ പ്ലാൻ - തനത് പ്രവർത്തനം.

## - സ്കൂൾ തലം

സി. എം. എസ്. എൽ. പി. സ്കൂൾ
മിറ്റത്തുമാവ്

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 - 2026

### തനത് പ്രവർത്തനം

9/6/2025 ൽ നടന്ന SRG മീറ്റിംഗിലൂടെ ഈ സ്കൂളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന തനത് പ്രവർത്തനങ്ങൾ

> പൊതു മേഖലാ സ്ഥാപനങ്ങൾ സന്ദർശിക്കൽ
> വായനാ മൂല
> (ഈസി ഇംഗ്ലീഷ്) Easy English

# വായന മൂല

വായനാ മാസാചരണത്തോടനുബന്ധിച്ച് സ്കൂളിൽ വായന മൂല സൃഷ്ടിക്കുക.

## ലക്ഷ്യങ്ങൾ

- കുട്ടികളിൽ വായന താൽപര്യം വളർത്തുക.
- വായന, ചിന്ത, സർഗാത്മക ശേഷികൾ കണ്ടെത്തുക.
- അറിവ് സമ്പാദിക്കുക.
- പുതിയ കാര്യങ്ങൾ പഠിക്കുക.
- വിവിധ വ്യവഹാരങ്ങൾ വായിച്ച് ആസ്വദിക്കുക.
- ഭാഷാപരമായ കഴിവുകൾ മെച്ചപ്പെടുത്തുക.
- ആശയ വിനിമയ ശേഷി മെച്ചപ്പെടുത്തുക.
- ഏകാഗ്രതയും, ശ്രദ്ധയും വർദ്ധിപ്പിക്കുക.
- മാനസികാരോഗ്യം മെച്ചപ്പെടുത്തുക.

Scanned with OKEN Scanner

# ഈസി ഇംഗ്ലീഷ്

ഈസി ഇംഗ്ലീഷ് പ്രവർത്തനങ്ങളുടെ ഭാഗമായി, സ്കൂൾ ഇടവേളകളിൽ കുട്ടികൾക്ക് രസകരവും, വിജ്ഞാനപ്രദവും ആയ കുട്ടി കവിതകൾ, കഥകൾ, സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ നൽകുക.

## ലക്ഷ്യങ്ങൾ

> ഇംഗ്ലീഷ് ഭാഷ മനസ്സിലാക്കുക.

> ഇംഗ്ലീഷ് ഭാഷയിൽ ആശയവിനിമയം നടത്തുക.

> ഇംഗ്ലീഷ് ലളിതമായും, രസകരമായും പഠിക്കുക.

# ഈസി ഇംഗ്ലീഷ്

ഈസി ഇംഗ്ലീഷ് പ്രവർത്തനങ്ങളുടെ ഭാഗമായി സ്കൂൾ ഉച്ചഭക്ഷണത്തിനു ശേഷം ഇടവേളയിൽ 2025 ജൂലൈ 23-ന് ഇംഗ്ലീഷ് ആശയവിനിമയത്തിന് സഹായകമായ അഭിസംബോധന വാക്കുകൾ കുട്ടികളെ പഠിപ്പിക്കുക.

## ലക്ഷ്യങ്ങൾ

- ഇംഗ്ലീഷ് ഭാഷയിലുള്ള ആശയവിനിമയത്തിന് തുടക്കമിടുക.
- സമയത്തിന് അനുയോജ്യമായി മുതിർന്നവരെ ബഹുമാനത്തോടെ അഭിസംബോധന ചെയ്യുക.

# പൊതു മേഖലാ സ്ഥാപനങ്ങൾ സന്ദർശിക്കൽ

2025 - 26 അദ്ധ്യയന വർഷത്തെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന തനതു പ്രവർത്തനമാണ് പൊതു മേഖലാ സ്ഥാപനങ്ങൾ സന്ദർശിക്കുക എന്നത്. ഇതിന്റെ ഭാഗമായി സ്കൂളിന്റെ സമീപ പ്രദേശങ്ങളിലുള്ള പൊതു മേഖലാ സ്ഥാപനങ്ങളായ ഗ്രന്ഥശാല, പഞ്ചായത്ത്, കൃഷി ഭവൻ, വില്ലേജ്, പോസ്റ്റോഫീസ്, തുടങ്ങിയവ സന്ദർശിക്കുക.

## ലക്ഷ്യങ്ങൾ

- പൊതു മേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണ് എന്ന് അറിയുക.
- പൊതു മേഖലാ സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങളും, തൊഴിലവസരങ്ങളും, പരിചയപ്പെടുക.

## പൊതു മേഖലാ സ്ഥാപനങ്ങൾ സന്ദർശിക്കൽ - ഗ്രന്ഥശാല

ജൂൺ 19 വായന ദിനത്തോടനുബന്ധിച്ച് 2025 ജൂൺ 24 ന് ആനിക്കാട് വിജയ ഗ്രന്ഥശാല, പുളിക്കാമല നെഹ്റു ഗ്രന്ഥശാല എന്നിവിടങ്ങൾ സന്ദർശിച്ച് അവിടുത്തെ വ്യക്തികളെ പരിചയപ്പെടുകയും, പ്രവർത്തനങ്ങൾ മനസ്സിലാക്കുകയും, വിവിധ പുസ്തകങ്ങൾ പരിചയപ്പെടുകയും ചെയ്യുവാൻ തീരുമാനിച്ചു.

<u>ലക്ഷ്യങ്ങൾ</u>

> ഗ്രാമീണ വായനശാലാ പ്രവർത്തനങ്ങൾ അറിയുക.

> പുതിയ എഴുത്തുകാരെ പരിചയപ്പെടുക.

> ഗ്രന്ഥശാലാ പ്രവർത്തകരുടെ പ്രവർത്തന അനുഭവങ്ങൾ പങ്കുവയ്ക്കുക.

> ഗ്രന്ഥശാലാ പ്രവർത്തന രീതികൾ മനസ്സിലാക്കുക.

> ഗ്രന്ഥശാലാ പുസ്തക ശേഖരത്തെ കുറിച്ച് അറിയുക.

Scanned with OKEN Scanner